(ബി) ഈ നോട്ടീസുകൾക്ക് മത്സ്യഫെഡ് മറുപടി നൽകിയോ ;

(സി) നൽകിയെങ്കിൽ അനന്തര നടപടിയെടുക്കുന്നതിൽ കാലതാമസം വരുത്തിയതെന്തുകൊണ്ട് ; അതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാല് ഫ്രാവശ്യം.

(ബി&സി) മറുപടി നൽകിയിട്ടുണ്ട്. മത്സ്യഫെഡ് നൽകിയ മറുപടി അപൂർണ്ണമായിരുന്നു. ആയതിനാൽ പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടായി.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി

115 (3324) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) പ്രഖ്യാപിത പദ്ധതികളും നടത്തിപ്പും സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ ;

(സി) മത്സ്യപരിപാലന നയത്തിലൂടെ അവർക്ക് അവകാശപ്പെട്ട പരിപാടികൾ വല്ലതും നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തിൽ ഇതുമൂലം ഉണ്ടായ മാറ്റം സംബന്ധിച്ച വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യബോർഡ് എന്നിവ മുഖേന വിവിധ ക്ഷേമ/വികസന പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) മത്സ്യപരിപാലന നയം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നടപ്പു സാമ്പത്തിക വർഷം ഉണ്ടായ പ്രധാന നേട്ടങ്ങൾ താഴെ ചേർക്കുന്നു :

1. 1500 മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വീട് ലഭിച്ചു.
2. 1.25 ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ ആശ്വാസ പദ്ധതിപ്രകാരം ധനസഹായം നൽകി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

3. ഏകദേശം 70,000-ത്തോളം മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ലാപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ ലഭിച്ചു.

4. 2.25 ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്ക് അപകടത്തിനെതിരെ ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചു.

5. 5,000-ത്തിലധികം മത്സ്യത്തൊഴിലാളി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം ലഭിച്ചു.

6. 26,000-ൽപ്പരം മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ നൽകി.

7. 50,000-ത്തോളം അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചു.

8. 278 മത്സ്യത്തൊഴിലാളികൾക്ക് വള്ളവും 462 മത്സ്യത്തൊഴിലാളികൾക്ക് ഒബിഎം എഞ്ചിനും പല അളവിൽ ലഭിച്ചു.

9. NMDFC വായ്പ പദ്ധതി പ്രകാരം 131 മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി ലഭിക്കുകയുണ്ടായി.

10. SGSY പദ്ധതിപ്രകാരം 505 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സമ്പാദ്യത്തൊഴിൽ ചെയ്യാനുള്ള അവസരങ്ങൾ ലഭിക്കുകയുണ്ടായി.

മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ

116 (3325) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾ ഇപ്പോഴും സമൂഹത്തിലെ അവശവിഭാഗമായി കഴിയുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യത്തൊഴിലാളികൾക്കിടയിലെ പട്ടിണിയും അവശതയും പരിഹരിക്കുന്നതിന് വല്ല പദ്ധതിക്കും രൂപം നൽകുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ഡി) നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിൽ ഏതെല്ലാം ക്രമക്കേടുകളും പാളിച്ചകളുമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്കിടയിലെ പട്ടിണി, അവശത, പകർച്ച വ്യാധികൾ, തൊഴിലില്ലായ്മ എന്നിവ പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly